**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1928** **05-07-2022 - ൽ മറുപടിയ്ക്ക്**

**ആർ.ഐ.ഡി.എഫ്. സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഐ.ഡി.എഫ്. സ്കീം മുഖേന മലപ്പുറം ജില്ലയിലെ മൂർനനാട് പാൽപ്പൊടി ഉൽപ്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ; | (എ) | പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ വർക്കുകൾ, മെക്കാനിക്കൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പുരോഗമിച്ചുവരികയാണ്. ആയത് 2023 ജൂലൈ അവസാനത്തിൽ പൂർത്തീകരിക്കാനാവും എന്നാണ് പ്രതീക്ഷിക്കുന്നത്. മലിനജല നിർമ്മാർജ്ജന പ്ലാന്റ് , ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ച്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആന്റ് സേഫ്റ്റി വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു. |
| (ബി) | കോഴിമുട്ടയുടെയും മാംസത്തിന്റെയും ഉൽപാദനത്തിലും ഉപഭോഗത്തിലും സ്വയംപര്യാപ്തത കൈവരിക്കാൻ പൗൾട്രി വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർഷറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസ്സസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉല്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഈ ഫാമിൽ നിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന |

| | | | |
|---|---|---|---|
| | | | പൗൾട്രി വികസന കേർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ടയുല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് തല കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞു എന്ന് കണക്കാക്കപ്പെടുന്നു. തല്ഫലമായി അയൽ സംസ്ഥാനങ്ങളിൽ നിന്നും കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കാണുന്നു.<br>സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ ഒരു പുതിയ മീറ്റ് പ്രോസ്സസ്സിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. മണിക്കൂറിൽ 1000 ഇറച്ചിക്കോഴികളെ പ്രോസ്സസ്സ് ചെയ്യാൻ കഴിയുന്ന ആധുനിക സജീകരണങ്ങളോട്ടുകൂടിയതായിരിക്കും ഈ പ്ലാന്റ് . കാസർഗോഡ് ജില്ലയിൽ മടിക്കൈ എന്ന സ്ഥലത്ത് മറ്റൊരു ഇറച്ചിക്കോഴി പ്രജനനകേന്ദ്രം സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഈ ഫാം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫാമിന്റെ നിർമ്മാണം ആരംഭിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ